# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 651

11.12.2012-- ൽ
മറുപടിക്ക്.

### എമർജിംഗ് കേരളയിലെ നിക്ഷേപകർ

**ചോദ്യം**

ശ്രീ. വി. ശശി

(എ)എമർജിംഗ് കേരളയിൽ എത്ര നിക്ഷേപകർ പങ്കെടുത്തു

(ബി)അതിൽ എത്ര പേർ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട് ;

സി)അവയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാം ;

(ഡി)അവയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ, പൊതു-സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) പദ്ധതിയിലെ വിദേശ നിക്ഷേപകർ ആരെല്ലാമെന്നും എത്ര തുകയുടെ നിക്ഷേപ സന്നദ്ധതയാണ് നൽകിയിട്ടുള്ളതെന്നും വിശദീകരിക്കുമോ ?

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

(എ) എമർജിംഗ് കേരളയിൽ 4162 പ്രതിനിധികൾ പങ്കെടുത്തു.

(ബി) മുതൽ (ഇ) വരെ എമർജിംഗ് കേരളയിലൂടെ നിക്ഷേപത്തിനു താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് യു.എസ്.എ, യു.കെ, യു.എ.ഇ, ആസ്ട്രേലിയ, ബഹറിൻ, കാനഡ, ചൈന, ജർമനി, ഇറ്റലി, ജപ്പാൻ, കുവൈറ്റ്, മലേഷ്യ, നെതർലാൻഡ്സ്, ഖത്തർ, സൗദി അറേബ്യ, സിങ്കപ്പൂർ, സ്പെയിൻ, സ്വിറ്റ്സർലാൻഡ് തുടങ്ങിയ വിദേശരാജ്യങ്ങളിലെ വിദേശ സംരംഭകരടക്കം നിരവധി പേർ മുന്നോട്ടു വരികയുണ്ടായി. ഇവർ സമർപ്പിച്ച പദ്ധതികൾ വിശദ പരിശോധനയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. ഇതിനെ കുറിച്ചുള്ള വിശദാംശങ്ങൾ പഠിച്ചതിനു ശേഷം സ്വീകാര്യമായ പദ്ധതികളെ തെരഞ്ഞെടുക്കുന്നതായിരിക്കും. അതിനു ശേഷം മാത്രമെ നിക്ഷേപത്തെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BPCL-മായി ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് ആരംഭിക്കുന്നതിനുവേണ്ടി ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ